# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1463**. **06-03-2017 ൽ മറുപടിയ്ക്ക്**

## ആത്മ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.അനൂപ് ജേക്കബ് | ശ്രീ. വി.എസ്. സുനിൽകുമാർ (കൃഷി വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിലെ ആത്മ പദ്ധതി തുടങ്ങിയിട്ട് എത്രവർഷമായി എന്ന് അറിയിക്കുമോ; | (എ) 2005-06 കാലഘട്ടത്തിൽ ആരംഭിച്ച ആത്മ പദ്ധതി സംസ്ഥാനത്ത് തുടങ്ങിയിട്ട് 12 വർഷമായി. |
| (ബി) ആത്മ പദ്ധതിയിൽ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്ര വീതമാണ്; | (ബി) ജനുവരി 2017-ലെ കണക്കനുസരിച്ച്, ആത്മ പദ്ധതി യിൽ 58 സ്ഥിരം ജീവനക്കാരും, 229 താല്ക്കാലിക, കരാർ ജീവനക്കാരും നിലവിൽ ജോലി ചെയ്തു വരുന്നു. |
| (സി) ഇതിനായി കേന്ദ്രസർക്കാർ നൽകുന്ന തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിക്കുന്നത്; | (സി) 60:40 (കേന്ദ്ര - സംസ്ഥാന) അനുപാതത്തിൽ അനുവദിക്കപ്പെടുന്ന ഫണ്ട് പരിശീലന പരിപാടി കൾ, പഠന യാത്രകൾ, പ്രദർശനത്തോട്ടങ്ങൾ, ഫാം സ്കൂളുകൾ, അവാർഡുകൾ, കർഷക ഗ്രൂപ്പുകൾക്കുള്ള സീഡ് മണി, മേളകൾ, ആത്മ ആഫീസുകൾക്കുള്ള പ്രവർത്തന ഫണ്ട്, ജില്ലാതലത്തിൽ കർഷകരുടെയും ശാസ്ത്രജ്ഞരുടെയും സമ്പർക്ക പരിപാടി, ജീവനക്കാരുടെ ശമ്പളം തുടങ്ങിയവക്കായി വിനിയോഗിക്കുന്നു. |
| (ഡി) ആത്മയുമായി ബന്ധപ്പെട്ട ജീവനക്കാർക്ക് ആറുമാസ | എല്ലാ ജില്ലകളിലെയും ജീവനക്കാർക്ക് 6 മാസമായി ശമ്പളം |

| | | | |
|---|---|---|---|
| | മായി ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കുമോ; | (ഡി) & (ഇ) | ലഭിക്കാത്ത സാഹചര്യം ഇപ്പോൾ നിലവിലില്ല.കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കേണ്ട ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ശമ്പളം നൽകാൻ കാലതാമസം ഉണ്ടായത്. പ്രതിമാസം 112 ലക്ഷം രൂപ നിരക്കിൽ ആത്മ ജീവനക്കാരുടെ ശമ്പളം മാറുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്. 2017 മാർച്ച് മാസം രണ്ടാം വാരത്തിൽ ശമ്പള കുടിശ്ശിക തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്. |
| (ഇ) | നിലവിൽ ശമ്പള കുടിശ്ശിക ഉണ്ടെങ്കിൽ അത് ഏത് തീയതിക്ക് മുൻപ് നൽകുമെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ